## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2094 07.12.2015-ൽ മറുപടിക്ക്.

# അഗ്നിശമന സേനയിലെ പഴക്കമുള്ള വാഹനങ്ങൾ

ചോദ്യം — മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ് — രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) അഗ്നിശമന സേനയിൽ പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(എ) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാഹനം | എണ്ണം |
|---|---|---|
| 1. | വാട്ടർ ടെണ്ടർ | 121 |
| 2. | മിനി വാട്ടർ ടെണ്ടർ | 29 |
| 3. | വാട്ടർ ലോറി | 42 |
| 4. | ക്രാഷ് ടെണ്ടർ | 10 |
| 5. | ഇൻഡസ്ട്രിയൽ വാട്ടർ ടെണ്ടർ | 5 |
| 6. | എമർജൻസി ടെണ്ടർ | 15 |
| 7. | റിക്കവറി വെഹിക്കിൾ | 8 |
| 8. | ജീപ്പ് | 44 |
| 9. | ആംബുലൻസ് | 43 |
| 10. | സ്റ്റോർവാൻ | 1 |
| | ആകെ | 318 വാഹനങ്ങൾ |

(ബി) ഏഴ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ മൂന്ന് വർഷത്തിനകം വാങ്ങുമെന്ന 2012-13 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നടപ്പിലാക്കി വരുന്നു. 2013-14 ലെ ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ച് 9,04,91,580/- രൂപ വിനിയോഗിച്ച് 81 ഷാസികൾ വാങ്ങുകയും, 2012-13 ൽ വാങ്ങിയിരുന്ന 2 ഷാസികളും ചേർത്ത് ആകെ 83 എണ്ണം വാട്ടർ ടെണ്ടറുകൾ ഫാബ്രിക്കേറ്റ് ചെയ്യുന്നതിനായി 14,94,00,000/- രൂപ 2014-15 ലെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. ആയതനുസരിച്ച് 65 വാട്ടർ ടെണ്ടറുകൾ ഫാബ്രിക്കേറ്റ് ചെയ്തത് നിലയങ്ങളിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 18 വാട്ടർ ടെണ്ടറുകളുടെ ഫാബ്രിക്കേഷൻ ജോലികൾ പൂർത്തിയായി വരികയാണ്. കൂടാതെ 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 7,20,00,000/- രൂപ വിനിയോഗിച്ച് 5 എമർജൻസി ടെണ്ടർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളും പുരോഗമിച്ചു വരികയാണ്.

| | |
|---|---|
| (സി) 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സ്കൈലിഫ്റ്റ് പദ്ധതി, നഗര അഗ്നി സുരക്ഷാ പദ്ധതി ഇവ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) സ്കൈ ലിഫ്റ്റ്/ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. നഗര അഗ്നിസുരക്ഷാ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് -ചാല, എറണാകുളത്ത് ഹൈക്കോടതി ജംഗ്ഷൻ, കോഴിക്കോട് -മിഠായി തെരുവ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) 2012-13 ലെ ബഡ്ജറ്റിൽ അഗ്നിശമന സേനാവകുപ്പിലെ വിവിധ പദ്ധതികൾക്കായി വകയിരുത്തപ്പെട്ട തുക എത്രയെന്നും ഓരോന്നിനും അനുവദിക്കപ്പെട്ട തുക എത്രയെന്നും പിൻവലിക്കാതെ അവശേഷിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ? | (ഡി) 2012-13 സാമ്പത്തിക വർഷം 850 ലക്ഷം രൂപ വകയിരുത്തിയതിൽ ഒന്നും ചെലവഴിക്കുകയുണ്ടായില്ല. ടി തുക സറണ്ടർ ചെയ്തു. |

V Beena

സെക്ഷൻ ഓഫീസർ